**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5065** **02-11-2021 - ൽ മറുപടിയ്ക്ക്**

**സർക്കാരിന്റെ നൂറ് ദിന പരിപാടിയിൽ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എം. എം. മണി,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ ജി സ്റ്റീഫൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തിയ കാർഷിക മേഖലയിലെ പ്രവർത്തനങ്ങളുടെ ഫലമായി സാമ്പത്തികമായും ഭൗതികമായും ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | സർക്കാരിന്റെ നൂറുദിന പദ്ധതിയുടെ ഭാഗമായി ഓണത്തിന് ഒരു മുറം പച്ചക്കറി, ഒരു കോടി ഫലവൃക്ഷത്തൈകളുടെ വിതരണം എന്ന പദ്ധതിയിലൂടെ 25 ലക്ഷം ഫലവൃക്ഷത്തൈകളുടെ വിതരണം, സുഭിക്ഷം സുരക്ഷിതം - ഭാരതീയ പ്രകൃതി കൃഷി, നഗര വഴിയോര കാർഷിക ചന്തകൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനി എന്നീ പദ്ധതികളാണ് നടപ്പിലാക്കിയിരുന്നത്. 1) ഓണത്തിന് ഒരു മുറം പച്ചക്കറി വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, ഓണക്കാലത്ത് അന്യ സംസ്ഥാനത്തു നിന്നും വരുന്ന പച്ചക്കറികളുടെ തോത് കുറയ്ക്കുക എന്നതുമായിരുന്നു പദ്ധതിയുടെ ലക്ഷ്യം. ടി പദ്ധതിയിലൂടെ 50 ലക്ഷം വിത്ത് പാക്കറ്റുകളും 150 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയുക എന്ന ലക്ഷ്യം കൈവരിക്കുവാനും സാധിച്ചു. 37 ലക്ഷം കുടുംബങ്ങൾക്ക് വിത്തും തൈകളും വിതരണം ചെയ്യുവാനും, 24000.85 ഹെക്ടറിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാനും, 3.725828 ലക്ഷം ടൺ സുരക്ഷിത പച്ചക്കറി ഓണക്കാലത്ത് ഉല്പാദിപ്പിക്കുവാനും സാധിച്ചു. ആയതിനായി പച്ചക്കറി വിത്ത് പായ്ക്കറ്റ് വിതരണത്തിന് 500 ലക്ഷം രൂപയും, പച്ചക്കറി തൈകളുടെ വിതരണത്തിനായി 375 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 875 ലക്ഷം രൂപ ചെലവഴിച്ചു. 2) ഒരു കോടി ഫലവൃക്ഷത്തൈകളുടെ വിതരണം എന്ന പദ്ധതി സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശത്ത് നിന്ന് കൊണ്ടു വന്ന് നട്ടുപിടിപ്പിച്ച് വിളയിക്കാൻ കഴിയുന്നതുമായ ഫലവർഗ്ഗങ്ങളുമായ പ്ലാവ്, മാവ്, മാതളം, പാഷൻ ഫ്രൂട്ട്, ചാമ്പ ഇനങ്ങൾ, സപ്പോട്ട, അവക്കാഡോ, ഓറഞ്ച്, പേരക്ക, നാരക ഇനങ്ങൾ, മുരിങ്ങ, കറിവേപ്പ്, കൊടംപുളി, റമ്പൂട്ടാൻ, മാഗോസ്റ്റീൻ, |

പപ്പായ, വാഴ ഇനങ്ങൾ, ചതുരപ്പുളി, ഡ്രാഗൺ ഫ്രൂട്ട്, ലിച്ചി, പാൽപ്പഴം, മിറക്കിൾ ഫ്രൂട്ട്, മുള്ളാത്ത, വെസ്റ്റ് ഇന്ത്യൻ ചെറി, വുഡ് ആപ്പിൾ, ഇലുമ്പൻ പുളി, സീതപ്പഴം (അനോന), ബറാബ, കസ്റ്റേഡ് ആപ്പിൾ (ആത്ത), നെല്ലി തുടങ്ങിയ 30 ഇനം ഫലവൃക്ഷങ്ങളുടെ ഒരു കോടി തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനും, പൊതുസ്ഥലങ്ങളിൽ വച്ചുപിടിപ്പിക്കുന്നതിനുമായുമാണ് "ഒരു കോടി ഫലവൃക്ഷതൈകളുടെ വിതരണം" എന്ന പദ്ധതി ലക്ഷ്യമിട്ടത്. 2021 ജൂൺ 11 മുതൽ 2021 സെപറ്റംബർ 17 വരെ ഒന്നാം ഘട്ടത്തിൽ 25 ലക്ഷം ഫലവൃക്ഷതൈകളുടെ വിതരണമാണ് ലക്ഷ്യമിട്ടിരുന്നത്. ഈ കാലയളവിൽ പ്രസ്തുത ലക്ഷ്യം പൂർത്തീകരിക്കുന്നതിനും അധികമായി 16.85866 ലക്ഷം ഫലവൃക്ഷ തൈകൾ വിതരണം നടത്തുന്നതിനും സാധിച്ചു. ഇത്തരത്തിൽ ആകെ 41.85866 ലക്ഷം ഫലവൃക്ഷ തൈകളുടെ വിതരണം പൂർത്തീകരിച്ചു. ടി പദ്ധതി പ്രകാരം 504.8185 ലക്ഷം രൂപയുടെ ഗ്രാഫ്റ്റ്, ലെയർ, ടിഷ്യുകൾച്ചർ വാഴ, വാഴക്കന്ന്, മറ്റ് ഫലവൃക്ഷതൈകൾ എന്നിവ കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ., അഗ്രോ സർവ്വീസ് സെന്റർ/ കാർഷിക കർമ്മേസന, കുടുംബശ്രീ, എന്നീ ഏജൻസികൾ വഴി വിതരണം ചെയ്തു. 3) സുഭിക്ഷം സുരക്ഷിതം - ഭാരതീയ പ്രകൃതി കൃഷി 5000 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി ചെയ്യുന്നതിന് ലക്ഷ്യമിട്ടിരുന്നു. എന്നാൽ 14 ജില്ലകളിലായി 88769 കർഷകരെ ഉൾപ്പെടുത്തി ആകെ 24986.015 ഹെക്ടർ സ്ഥലത്ത് പച്ചക്കറികൾ, നെല്ല്, വാഴ, കിഴങ്ങുവർഗ്ഗവിളകൾ എന്നിവ സുഭിക്ഷം സുരക്ഷിതം - ഭാരതീയ പ്രകൃതി കൃഷി പദ്ധതിയുടെ ഭാഗമായി കൃഷിയിറക്കുവാൻ സാധിച്ചു. 4) നഗര വഴിയോര കാർഷിക ചന്തകൾ നഗര പ്രദേശത്തെ വിഷരഹിത പഴം പച്ചക്കറികളുടെ ആവശ്യകത മനസ്സിലാക്കി ഒരു തുടക്കമെന്ന നിലയിൽ സർക്കാരിന്റെ 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി 2021-22ൽ 100 നഗര വഴിയോര കാർഷിക ചന്തകൾ ആരംഭിച്ചിട്ടുണ്ട്. പ്രധാന ടൗൺഷിപ്പുകളായ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ 10 വീതവും മറ്റു ജില്ലകളിൽ 6 വീതവും നഗര വഴിയോര കാർഷിക ചന്തകൾ ആരംഭിച്ചിട്ടുണ്ട്. ജില്ലകളിലെ നഗര പ്രദേശത്ത് ആരംഭിച്ച ഇത്തരം വഴിയോര ചന്തകൾ വഴി നാളിതുവരെ 45.19483 ലക്ഷം രൂപ മൂല്യം വരുന്ന 146.314 ടൺ പഴം പച്ചക്കറികൾ സംഭരിച്ചു വിപണനം നടത്താൻ കഴിഞ്ഞിട്ടുണ്ട്. 5) ഫാർമർ പ്രൊഡ്യൂസർ കമ്പനികളുടെ രൂപീകരണം നൂറു ദിന

| | | | |
|---|---|---|---|
| | | | കർമ്മ പദ്ധതി പ്രകാരം 25 എഫ്.പി.ഒ.കളുടെ രൂപീകരണമായിരുന്നു ലക്ഷ്യമിട്ടിരുന്നത്. എന്നാൽ സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 13 എഫ്.പി.ഒ.കൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴിയും, വി.എഫ്.പി.സി.കെ മുഖേന 31 എഫ്.പി.ഒ.കളുടെയും രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. |
| (ബി) | കാർഷിക മേഖലയിൽ പ്രസ്തുത കാലയളവിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയുമോ; എങ്കിൽ വ്യക്തമാക്കുമോ? | (ബി) | കാർഷിക മേഖലയിൽ പ്രസ്തുത കാലയളവിൽ 39756 തൊഴിൽ ദിനങ്ങൾ പ്രത്യക്ഷമായും 117500 തൊഴിൽ ദിനങ്ങൾ പരോക്ഷമായും സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്. 1) ഓണത്തിനു ഒരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കിയതു വഴി 4000 തൊഴിൽ ദിനങ്ങൾ പ്രത്യക്ഷമായും 10000 തൊഴിൽ ദിനങ്ങൾ പരോക്ഷമായും സൃഷ്ടിക്കുവാൻ സാധിച്ചു. 2) ഒരു കോടി ഫലവൃക്ഷത്തൈകളുടെ വിതരണം പദ്ധതി നടപ്പിലാക്കിയതിലൂടെ 15000 തൊഴിൽ ദിനങ്ങൾ പ്രത്യക്ഷമായും 12500 തൊഴിൽ ദിനങ്ങൾ പരോക്ഷമായും സൃഷ്ടിക്കുവാൻ സാധിച്ചു. 3) സുഭിക്ഷം സുരക്ഷിതം - ഭാരതീയ പ്രകൃതി കൃഷി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രത്യക്ഷമായി 17280 ഉം പരോക്ഷമായി 95000 ഉം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു. 4) ആഴ്ച ചന്തകളുടെ നടത്തിപ്പ് വഴി ആകെ 2036 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. 5) സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴി രൂപീകരിച്ച എഫ്.പി.ഒ.കൾ വഴി ഈ മേഖലയിൽ പ്രസ്തുത കാലയളവിൽ 1440 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ